നിർദ്ദേശം ഉദ്യോഗസ്ഥർക്ക് കൊടുക്കുകയുണ്ടായി. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, രണ്ട് ദിവസം കഴിഞ്ഞപ്പോൾ എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട വ്യാപാരി-വ്യവസായി സംഘടനകളുടെ നേതാക്കൻമാരുടെ കടകൾ ഈ ഉദ്യോഗസ്ഥർ വന്ന് റെയിഡ് നടത്തുകയുണ്ടായി. ഞങ്ങൾ ഇവിടെ വരികയില്ലായിരുന്നു, എം.എൽ.എ.മാരും മറ്റുള്ളവരും നിർബ്ബന്ധിച്ചതുകൊണ്ടാണ് നിങ്ങളുടെ കട ഞങ്ങൾ റെയിഡ് ചെയ്യാൻ ഇടയായത് എന്നുള്ള തരത്തിൽ, ജനപ്രതിനിധികളെക്കൂടി ആക്ഷേപിക്കുന്ന തരത്തിൽ, വളരെ നിരുത്തരവാദപരമായിട്ടുള്ള പ്രവർത്തനം വകുപ്പുദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുണ്ടായി. ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിച്ചാൽ, ഇങ്ങനെ പെരുമാറുന്ന ഉദ്യോഗസ്ഥർക്കെതിരായി മാതൃകാപരമായി ശിക്ഷണ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഇത്തരം നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ ആരാണെങ്കിലും ആക്ഷേപം കിട്ടിയാൽ വളരെ കർശനമായിട്ടുള്ള നിലപാട് സ്വീകരിക്കും. അതിൽ സംശയമൊന്നും വേണ്ട. ഇത്തരത്തിൽ ആക്ഷേപങ്ങൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽത്തന്നെ അന്വേഷണവിധേയമായി ആവശ്യമായ നടപടി എടുക്കുന്നുണ്ട്; തുടർന്നും നടപടി എടുക്കും. കുറച്ചുകാലമായി തുടർന്നുവരുന്ന ഒരു ശീലവും ശൈലിയും ആണത്. നിശബ്ദമായി ജനങ്ങളെ ദ്രോഹിക്കാൻ കഴിയുന്ന ഒരു വകുപ്പാണിത്. ജനങ്ങൾക്ക് നേരിട്ട് ബോദ്ധ്യമാകുകയില്ല. അത് കുറേ കൊല്ലങ്ങളായി ശീലിച്ചുവന്നതുകൊണ്ട് ആ ചാനലിൽനിന്ന് അവരെ മാറ്റി എടുക്കാൻ ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമായി മാറിയിട്ടില്ല. അക്കാര്യംതന്നെയാണ് ഞാൻ നേരത്തേ പറഞ്ഞത്; മാറ്റാൻ ശ്രമിക്കുകയാണ്. എല്ലാവരുടേയും സഹകരണമുണ്ടെങ്കിലേ നമുക്ക് ഇത് മാറ്റാൻ കഴിയുകയുള്ളൂ. ഏതായാലും അത് മാറ്റുമെന്ന കാര്യത്തിൽ സംശയമൊന്നും വേണ്ട.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചത് ബഹുമാനപ്പെട്ട കെ. ബാബു ഇവിടെ ഉന്നയിച്ചു, ആനന്ദ് വാട്ടർ മീറ്റർ കമ്പനി പള്ളുരുത്തിയിലുള്ള ഏക വ്യവസായ സ്ഥാപനമാണ്. ഇപ്പോൾ അത് അടച്ചുപൂട്ടാതിരിക്കാനുള്ള നടപടിയുടെ ഭാഗമായി ലീഗൽ മെട്രോളജി വിഭാഗത്തിന്റെ പരിശോധനയിൽനിന്ന് വാട്ടർ മീറ്ററിനെ ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : അങ്ങനെ ഒരു സ്ഥാപനത്തെ ഒഴിവാക്കാൻ നമുക്ക് കഴിയുകയില്ല. ഒഴിവാക്കണമെന്ന ജനപ്രതിനിധികളുടേയും തൊഴിലാളിസംഘടനകളുടേയും ആവശ്യം പരിഗണിച്ചുകൊണ്ടാണ് ഗൗരവമായി അവരുമായി ആ പ്രശ്നം ചർച്ചചെയ്ത്, വീണ്ടും അതിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ഞങ്ങൾ ആലോചിച്ച് അത് ഒഴിവാക്കാൻ കഴിയുകയില്ല എന്ന് ബോദ്ധ്യമായതിനെത്തുടർന്നാണ് ഈ നടപടി മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിച്ചത്.

3 (*310) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ്

<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും വരവ്-ചെലവ് കണക്കുകളെ സംബന്ധിച്ചും ആഡിറ്റ് നടത്തുന്നതിന് ഇന്ന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ആഡിറ്റുകൾ കൃത്യമായും നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പദ്ധതി പ്രകാരം കൂടുതൽ തുക പഞ്ചായത്തുകൾക്ക് നൽകുന്ന സാഹചര്യത്തിൽ ഫലപ്രദമായ ആഡിറ്റ് നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ലോക്കൽ ഫണ്ട് വകുപ്പ് നടത്തുന്ന ആഡിറ്റുകൊണ്ട് പഞ്ചായത്തുകളിലെ ചെലവിനങ്ങളെ സംബന്ധിച്ച് പൂർണ്ണമായ വിവരം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പഞ്ചായത്തുകളിൽ പെർഫോമൻസ് ആഡിറ്റും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയും നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) ഇവയുടെ പരിശോധനാ റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ജി) എങ്കിൽ ഇതൊഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി) : സർ,

(എ) സംസ്ഥാന പെർഫോമൻസ് ആഡിറ്റ് അതോറിറ്റിയുടെ കീഴിലുള്ള വിവിധ ആഡിറ്റ് വിഭാഗങ്ങളും അക്കൗണ്ടന്റ് ജനറലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും ലോക്കൽ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നുണ്ട്.

(ബി) ഇത്തരം ആഡിറ്റുകൾ കൃത്യമായി നടക്കുന്നുണ്ട്. ആഡിറ്റ് റിപ്പോർട്ടുകൾ സർക്കാരിന് കിട്ടിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ടുകൾ ലഭ്യമാകുന്നതിൽനിന്ന് ആഡിറ്റുകൾ നടക്കുന്നുണ്ടെന്ന് വ്യക്തമാകുന്നതിനാൽ കൂടുതൽ നടപടികൾ ഇക്കാര്യത്തിൽ ആവശ്യമില്ല. കാലതാമസം നേരിടാതിരിക്കാൻ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിശോധനകൾ ഇപ്പോൾ നടക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഈ കാലതാമസം ഒഴിവാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി രണ്ട് സെക്ഷനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ആഡിറ്റ് തുടങ്ങിയതിനുശേഷം ഇതിനകം എത്ര തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ആഡിറ്റ് നടന്നത്; ഇതിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തിയെന്ന് വിശദമാക്കാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : 668 ഗ്രാമപഞ്ചായത്തുകളിലും 55 മുനിസിപ്പാലിറ്റികളിലും പെർഫോമൻസ് ആഡിറ്റ് നടത്തിക്കഴിഞ്ഞിട്ടുണ്ട്. എ.ജി. 5 ജില്ലാ പഞ്ചായത്തുകളിലും അതുപോലെതന്നെ ഒരു കോർപ്പറേഷനിലും ആഡിറ്റ് നടത്തിയിട്ടുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് 18 ഗ്രാമ പഞ്ചായത്തുകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും 10 ജില്ലാ പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനുകളിലും ആഡിറ്റ് നടത്തി റിപ്പോർട്ടുകൾ ഗവൺമെന്റിന് നൽകിയിട്ടുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ലോക്കൽ ഫണ്ട് ആഡിറ്റ് പെർഫോമൻസ്, ആഡിറ്റ്, ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് ആഡിറ്റ്, എ.ജി.യുടെ ആഡിറ്റ് ഇങ്ങനെ വിവിധതലത്തിൽ ആഡിറ്റുകൾ നടക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്? ഓരോ വിഭാഗത്തിനും പ്രത്യേകം ചുമതലകൾ നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : പെർഫോമൻസ് ആഡിറ്റ് മുഖ്യമായിട്ടും പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശം പാലിച്ച് ശരിയായ രീതിയിലാണോ പ്രവർത്തനങ്ങൾ നടക്കുന്നതെന്നുള്ളതു പരിശോധിച്ച് ആവശ്യമായിട്ടുള്ള തിരുത്തലുകൾ വരുത്തി അവരെ സഹായിക്കുന്ന തരത്തിലുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗം സംബന്ധിച്ചുള്ള കാര്യങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം പരിശോധിക്കുന്നുണ്ട്. വളരെ ഗുരുതരമായ ആക്ഷേപങ്ങൾ വരുന്ന സമയത്ത് അത് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ അടിസ്ഥാനത്തിൽ എ.ജി. പോയി പരിശോധിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ഗവൺമെന്റിന് തരുന്നുമുണ്ട്. പ്രത്യേക ആരോപണങ്ങൾ വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഏജൻസികളെ വച്ചുകൊണ്ടുള്ള അന്വേഷണവും നടത്താറുണ്ട്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് പരിശോധിച്ചതിന്റെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാൻ തദ്ദേശഭരണ വകുപ്പിന് അധികാരമുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നതിനുവേണ്ടി തദ്ദേശഭരണ വകുപ്പ് നടപടി സ്വീകരിക്കാറുണ്ട്. തദ്ദേശ ഭരണ വകുപ്പിനെ സംബന്ധിച്ച് അതിനുള്ള അധികാരമുണ്ട്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ജനകീയാസൂത്രണ പ്രക്രിയയുടെ ഭാഗമായി ധാരാളം ഫണ്ട് വിനിയോഗിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ തദ്ദേശ ഭരണ വകുപ്പിന് മാത്രമായി ഒരു പ്രത്യേക ആഡിറ്റ് വിഭാഗം രൂപീകരിക്കാനും ഈ പറയുന്ന എല്ലാത്തരത്തിലുമുള്ള പരിശോധനകളും കേന്ദ്രീകരിച്ചുകൊണ്ട് ഒരു പ്രത്യേക വിംഗ് രൂപീകരിക്കാനും സമയപരിധി വച്ചുകൊണ്ട് ആ ആഡിറ്റ് റിപ്പോർട്ടിന്മേൽ നടപടി എടുക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : തദ്ദേശ ഭരണവകുപ്പിനുവേണ്ടി പ്രത്യേകം ഒരു ആഡിറ്റ് വിഭാഗം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള വിവരം ഈ സഭയിൽ കഴിഞ്ഞ തവണ ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. വി.കെ. ചന്ദ്രൻ : ഇവിടെ (സി) ചോദ്യത്തിനുത്തരമായി മന്ത്രി പറഞ്ഞത് ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് വളരെയധികം തുക അനുവദിക്കുന്നുണ്ട്, ഈ തുക അനുവദിക്കുന്നതിന് ചട്ടങ്ങൾ പരിഷ്കരിച്ച് നൽകുകയും. ചെയ്തിട്ടുണ്ട് എന്നാണ്. എങ്കിലും ചില പഞ്ചായത്തുകൾ ചട്ടം മറികടന്നുകൊണ്ട് ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ ചട്ടം മറികടക്കുന്നതായി ആഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഞ്ചായത്തുകളുടെമേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ആഡിറ്റ് നടക്കുന്ന ഘട്ടത്തിൽ ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. ഇതുകൂടാതെതന്നെ ചില പരാതികളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി പരിശോധനകൾ നടക്കാറുണ്ട്. ആഡിറ്റിൽ ആരോപണം ശരിയാണെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. വി.കെ. ചന്ദ്രൻ : തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് നടക്കുന്നുണ്ടെങ്കിലും കൃത്യസയത്തുതന്നെ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതുകൊണ്ട് ക്രമക്കേടുകൾ വേണ്ടത്ര തടയാൻ കഴിയുന്നില്ല. അതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, ഇതിനെ സംബന്ധിച്ചുള്ള പരിശോധനയ്ക്ക് ഇപ്പോൾ നാലഞ്ചു ഏജൻസികളുണ്ട്. കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത്രാജ് നിയമത്തിൽ ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ വേണ്ടിയുള്ള ട്രിബ്യൂണലുകളെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓംബുഡ്സ്മാനെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുണ്ട്. അത് രണ്ടും വളരെ താമസിയാതെതന്നെ നിലവിൽവരും. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ശ്രീ. പിരപ്പൻകോട് മുരളി : കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരവും സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന തുക ചെലവാക്കാതെ ലാപ്സാകുന്ന ഏതെങ്കിലും സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതുകൂടി പെർഫോമൻസ് ഓഡിറ്റിന്റെ പരിധിയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ.

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി കിട്ടുന്ന പണമായാലും സംസ്ഥാന ഗവൺമെന്റ് പദ്ധതി വിഹിതമായി കൊടുക്കുന്ന പണം ആയിരുന്നാലും കൃത്യമായി ചെലവഴിക്കണമെന്നാണ് ഗവൺമെന്റ് കൊടുക്കുന്ന നിർദ്ദേശം. അതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ ചിലത് കൃത്യസമയത്ത് ചെലവഴിക്കാൻ കഴിയാത്തത് ഗവൺമെന്റിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഗൗരവം അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കാറുണ്ട്.

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : പൊതു താല്പര്യമുള്ള പ്രോജക്ടുകൾ മാറ്റിമറിച്ച് വ്യക്തിഗത ആനുകൂല്യങ്ങളുടെ പേരിൽ ഗ്രാമസഭകളേയും ഗ്രാമ പഞ്ചായത്തിനേയും വഴിതെറ്റിക്കുന്ന പഞ്ചായത്ത് സെക്രട്ടറിമാരെയും സ്റ്റാഫിനേയും പരിശോധനാവിധേയമാക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ, ഇല്ലെങ്കിൽ അതിനെക്കുറിച്ചാലോചിക്കുമോ?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : വ്യക്തിഗത ആനുകൂല്യങ്ങൾ പരമാവധി കുറയ്ക്കാനും പൊതുവായിട്ടുള്ള ആവശ്യങ്ങൾ പരമാവധി നിലനിറുത്താനും കഴിയത്തക്കരീതിയിലുള്ള പദ്ധതികൾ ആയിരിക്കണമെന്നുള്ള നിർദ്ദേശമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ളത്. ആദ്യത്തെ വർഷത്തിൽ അപൂർവ്വം ചില ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നീ മൂന്നു തലങ്ങളിലും ഇതുപോലെയുള്ള പദ്ധതികൾ ഉണ്ടായിരുന്നു. രണ്ടാമത്തെ വർഷമായപ്പോഴേക്കും ഗ്രാമപഞ്ചായത്തുകളിൽ മാത്രമായി അത് ചുരുക്കാൻ നമുക്ക് സാധിച്ചു. അടുത്ത ഘട്ടത്തിൽ അതും പരമാവധി കുറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ലോക്കൽ ബോഡീസിന്റെ തന്നെ ഒരു ഓഡിറ്റ് കമ്മിഷനെ നിയമിക്കുമെന്നു പറയുന്നുണ്ട്. ഇപ്പോൾത്തന്നെ ലോക്കൽ ഫണ്ട് ആഡിറ്റുണ്ട്. അതിനെത്തന്നെ കമ്മിഷനായി നിയമിക്കുകയാണോ അതോ സെപ്പറേറ്റ് ഒരു കമ്മിഷൻ ഉണ്ടാക്കുകയാണോ ചെയ്യുന്നത്; അങ്ങനെയാണെങ്കിൽ അതിനെക്കുറിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിലെ സംഘടനകളുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : ആഡിറ്റ് വിഭാഗത്തിന്റെ ചില നിവേദനങ്ങൾ ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. അവരുമായി ഈ കാര്യത്തെ സംബന്ധിച്ച് ചർച്ചചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുശേഷം അതിനെ സംബന്ധിച്ച് അന്തിമമായ തീരുമാനമെടുക്കും.

<u>ശ്രീ. ബി. വിജയകുമാർ</u> : ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, ആഡിറ്റ് റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്നുണ്ടെന്നാണ് പറഞ്ഞത്. നിയമസഭയിൽ രേഖാമൂലം അങ്ങ് നൽകിയ മറുപടിയിൽ, 1996-97-ലെ വാർഷിക കണക്കുകൾ സമർപ്പിക്കാത്ത 500 ഗ്രാമ പഞ്ചായത്തുകളും മൂന്നു കോർപ്പറേഷനുകളും 48 നഗരസഭകളുമുണ്ടെന്ന് 21.4.98-ൽ പറഞ്ഞിരുന്നു. അതുപോലെ 1/99-ന് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് 1998 ജൂലൈ 31-ാം തീയതിക്കകം 14 തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമേ ആഡിറ്റ് കണക്കുകൾ സമർപ്പിച്ചിട്ടുള്ളൂ എന്നാണ്. ബാക്കിയുള്ള നഗരസഭകളും മുനിസിപ്പാലിറ്റികളും ഗ്രാമ പഞ്ചായത്തുകളും കണക്കുകൾ സമർപ്പിച്ചിട്ടില്ലെന്നു പറയുകയും മറുഭാഗത്ത് നിർദ്ദിഷ്ട തീയതിക്കുള്ളിൽ കണക്ക് സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും പ്രകാരം, അതായത് മുനിസിഫ് കോടതിയിൽ കേസ് വരെ കൊടുക്കാനുള്ള അധികാരങ്ങളുള്ള ചട്ടങ്ങൾപ്രകാരം നടപടി സ്വീകരിക്കേണ്ടെന്ന്, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ തന്റെ കീഴുദ്യോഗസ്ഥർക്ക് സർക്കുലർപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അങ്ങ് ഇവിടെ മറുപടി പറഞ്ഞിരിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് സമർപ്പിക്കുന്നുണ്ടെന്ന് ഇവിടെ മറുപടി പറയുകയും അതേ സമയം അതിന്റെ പേരിൽ നടപടി സ്വീകരിക്കേണ്ട എന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ താഴോട്ട് നിർദ്ദേശം നൽകുകയും ചെയ്തിരിക്കുന്നു. ഇതുവഴി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ഒരു നോക്കുകുത്തിയാക്കി ഗവൺമെന്റ് മാറ്റിയിരിക്കുകയല്ലേ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന് കഴിഞ്ഞ ആറു മാസത്തിനു മുമ്പ് മറുപടി പറഞ്ഞിട്ടുള്ള താണ്. 1997-98 വർഷത്തിലുള്ള പദ്ധതിവിഹിതം ചെലവഴിച്ചിട്ടുള്ളതിനെ സംബന്ധിച്ച് സാധാരണ ഗതിയിൽ നടക്കുന്ന ആഡിറ്റ് പരിശോധനാഘട്ട ത്തിലാണ് നമ്മുടെ തീരുമാനപ്രകാരം ജൂൺ മാസംവരെ പദ്ധതി പ്രവർത്തനം നീട്ടിക്കൊടുത്തത്. അപ്പോൾ 12 മാസമല്ല, 15 മാസമാണ്. 15 മാസം ഒന്നിച്ച് എടുത്ത് ആഡിറ്റ് ചെയ്യൽ സാധാരണഗതിയിൽ ഉണ്ടാകാ റില്ല. ഒരു വർഷത്തെ ആഡിറ്റ് നടത്തുന്നതിനുവേണ്ടി തീരുമാനിച്ചു. അത് കഴിഞ്ഞ് 2-ാമത്തെ വർഷം ഈ മൂന്നു മാസം ഉൾപ്പെടെയുള്ള കണക്കുകൾ ആഡിറ്റ്ചെയ്യാനുള്ള നിർദ്ദേശമാണ് കൊടുത്തത്. അല്ലാതെ ഓരോ പ്രവർത്തനത്തെ, ധനവിനിയോഗത്തെ സംബന്ധിച്ച് ആഡിറ്റ് ചെയ്യേണ്ട എന്നുള്ള അടിസ്ഥാനത്തിൽ നിർദ്ദേശം കൊടുത്തിട്ടില്ല. ആദ്യത്തെ വർഷ ത്തിലുള്ള ആഡിറ്റാണ്. അത് കഴിഞ്ഞ് രണ്ടാമത്തെ വർഷത്തിലാണ് ഈ മൂന്നുമാസം ഉൾപ്പെടുക. അതാണ് ചൂണ്ടിക്കാണിച്ചത്.

ശ്രീ. എൻ. അനിരുദ്ധൻ : തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അംഗ ങ്ങൾക്ക് പഞ്ചായത്ത് നിയമത്തെക്കുറിച്ചുള്ള അവബോധം പലപ്പോഴും കുറ വാണ്. അതുകൊണ്ട് പഞ്ചായത്ത് സെക്രട്ടറിമാരും ഉദ്യോഗസ്ഥരും അവരെ ആവശ്യത്തിനും അനാവശ്യത്തിനും നിയന്ത്രിക്കുന്നത് സ്വാഭാവികമാണ്. അവരെ തെറ്റിദ്ധരിപ്പിക്കാറുമുണ്ട്. ആ ദുഃസ്ഥിതി പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് നിയമത്തെക്കുറിച്ചുള്ള അവബോധം മെമ്പർമാരിൽ ഉണ്ടാക്കുന്നതിനുവേണ്ടി പ്രത്യേകമായ ഒരു ഓറിയന്റേഷൻ ക്ലാസ് നടത്തു ന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : കേരള നിയമസഭ അംഗീകരിച്ചി ട്ടുള്ള പഞ്ചായത്ത്രാജ് മുനിസിപ്പൽ ഭേദഗതി ബില്ലിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ക്ലാസ്സുകൾ സംഘടിപ്പി ക്കാൻവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ അവ സരത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റിന്റേയും പെർഫോമൻസ് ആഡിറ്റി ന്റേയും ഫൈനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന്റേയും കാര്യത്തെ സംബ ന്ധിച്ച് കുറെ ആഡിറ്റ് ഒബ്ജക്ഷൻസ് സ്വാഭാവികമായും ഇതിന്റെ അടിസ്ഥാ നത്തിലുണ്ടായിട്ടുണ്ട് എന്നു പറഞ്ഞു. ഇതിൽനിന്ന് വ്യത്യസ്തമായി ഗവൺമെന്റ് പെർഫോമൻസ് ആഡിറ്റും മറ്റു കാര്യങ്ങളുമൊക്കെ ഫലപ്രദ മായി കൊണ്ടുവരുന്നതിനുമുമ്പ് പല തദ്ദേശ ഭരണസ്ഥാപനങ്ങളേയും കുറിച്ച് വേറെ രൂപത്തിലുള്ള അന്വേഷണം ഡിപ്പാർട്ടുമെന്റലായി നടത്തിയി ട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പിറവം പഞ്ചായത്തിൽ നടന്ന വെട്ടിപ്പിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അങ്ങനെ കണ്ടുപി ടിക്കപ്പെട്ട കൃത്രിമങ്ങളെ സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വളരെ ശക്തിയായി ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ വിവിധ ആഡിറ്റ് വിഭാഗങ്ങൾ പരിശോധിച്ചിട്ടുണ്ട്. അതുകൂടാതെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ആരോപണങ്ങളും വന്നിട്ടുണ്ട്. ഇവ വരുന്ന മുറയ്ക്ക് അതിന്റെ ഗൗരവം നോക്കി ആവശ്യമായ അന്വേഷണം നടത്താനുള്ള ഉത്തരവാണ് ഗവൺമെന്റ് കൊടുക്കാറുള്ളത്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ എടുക്കാറുമുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് നിരവധി പഞ്ചായത്തുകളിൽ അത്തരം നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞതിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമായിട്ട് വരികയാണെങ്കിൽ അതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. അങ്ങനെയുള്ള ചില കാലതാമസങ്ങൾ വരാറുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : 1997-98-ലെ ആഡിറ്റ് റിപ്പോർട്ടിൽ ജനകീയാസൂത്രണപദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന പഞ്ചായത്തുകളിൽ അതിന്റെ പേരിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : ആഡിറ്റ് വിഭാഗം തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില സ്ഥലത്ത് ആവശ്യമായിട്ടുള്ള അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട് എന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. കുറെ സസ്പെൻഷൻ നടപടികൾ എടുത്തിട്ടുണ്ട്. ഗുരുതരമായിട്ടുള്ള കാര്യങ്ങളാണെന്നുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അന്വേഷണം നടത്തി നടപടി സ്വീകരിക്കും.

(ചോദ്യകർത്താവിന്റെ അഭാവത്തിൽ അടിയന്തിര ചോദ്യം സഭയിൽ ഉന്നയിക്കപ്പെട്ടില്ല.)

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

4 (*311) മുൻ ജന്മിമാരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ഇ.എം. അഗസ്തി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂപരിഷ്ക്കരണ നടപടികൾമൂലം ജീവിതക്ലേശം അനുഭവിക്കേണ്ടതായി വന്നിട്ടുള്ള മുൻ ജന്മികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകാനുള്ള നടപടി എത്രത്തോളമായി എന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly